Registered No. M-4485 Madras War Review, Malayalam—10-11-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 നവെമ്പർ 10-ാംനു, വെള്ളിയാഴ്ച [ലക്കം 10



## വിജയത്തിന്റെ താക്കോൽ

വെറുതെയല്ല ടെഹ്റാനിൽ സമ്മേളനം ചേർന്നതു്. പടിഞ്ഞാറുനിന്നും കിഴക്കുനിന്നും തെക്കുനിന്നും ജർമ്മനിയ്ക്കു് കൂട്ടപ്രഹരങ്ങൾ നൽകണമെന്ന് തീരുമാനം അത്ഭുതാവഹമായ കൃത്യതയോടെ നിർവ്വഹിക്കപ്പെട്ടു.

നമ്മുടെ സഖ്യശക്തികൾ ചരിത്രത്തിൽ ഇതേവരെ സംഭവിക്കാത്തത്ര, സംഘടനാചാതുരിയും വിസ്തൃതിയും നിറഞ്ഞവിധത്തിൽ, പടകളെയിറക്കുകയും, വളരെയെളുപ്പത്തിൽ ജർമ്മൻ പ്രതിരോധങ്ങളെ വെല്ലുകയും ചെയ്തു.

അങ്ങിനെ, രണ്ടു യുദ്ധരംഗങ്ങളാകുന്ന ചവണയ്ക്കിടയിൽ തങ്ങൾ ഞെങ്ങിഞെരുങ്ങുന്നതായി ജർമ്മൻകാർ കണ്ടു.

ശത്രുവെ ജർമ്മനിയിലേക്കു് അട്ടിയോടിച്ചു.

75 ജർമ്മൻ സേനാവിഭാഗങ്ങളെ എതിർത്തുവരുന്ന രണ്ടാം യുദ്ധരംഗം ഏർപ്പെടുത്താതിരുന്നുവെങ്കിൽ, ജർമ്മൻകാരുടെ എതിർപ്പിനെ വെല്ലുന്നതിനും, സോവിയററ് യൂനിയനിൽനിന്നു അവരെ ആട്ടിയകററുന്നതിനും, നമുക്കു് സാദ്ധ്യമായിരുന്നില്ലേനെ.

നമ്മുടെ പ്രധാന ലക്ഷ്യം, ഇന്നു മുതൽ ഒട്ടും അയച്ചുവിടാതെ ശത്രുവെ മുറുക്കിപ്പിടിക്കുക എന്നതാണ്. വിജയത്തിന്റെ താക്കോൽ അതിലാണ് കിടക്കുന്നതു്.

യുദ്ധം ജയിച്ചാൽമാത്രം പോരാ; നാം ഭാവിയിൽ യാതൊരു യുദ്ധവും സാദ്ധ്യമല്ലാതെ വരുത്തുകയുംവേണം.

—മാർഷൽ സ്റ്റാലിൻ, 1944 നവെമ്പർ 6-ാംനു മോസ്കോവിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽനിന്നു

## വിഷയവിവരം


| | ഭാഗം |
|---|---|
| വിജയത്തിന്റെ താക്കോൽ | 1 |
| ഇററലിയിൽ പൊരുതുന്ന ഇന്ത്യൻ യോദ്ധാക്കൾ | 2 |
| യുദ്ധരംഗത്തിൽ (പദ്യം) | 2 |
| വ്യോമയാനവും ലോകരക്ഷയും | 3 |
| ആഴ്ചക്കുറിപ്പുകൾ | 4-5 |
| ആഹ്വാനം (പദ്യം) | 6 |
| ജനറൽ റൊക്കൊസ്സോവസ്കി | 6 |
| മനുഷ്യകാഴ്ചശാല | 7 |
| വിജയം വരിച്ചെത്തുന്ന വീരന്മാർക്ക് | 8-9 |
| സോദരന്മാരോട് (പദ്യം) | 9 |
| സമരകവി (ഏകാങ്കനാടകം) | 10-12 |


# ഇററലിയിൽ പൊരുതുന്ന ഇന്ത്യൻ യോദ്ധാക്കൾ

## വീണ്ടും വീണ്ടും അഭിനന്ദനങ്ങൾ നേടുന്നു

### ന്യായമായി നേടിയ യശസ്സമ്പത്ത്

"ഇററലിയിലുള്ള മൂന്നു ഇന്ത്യൻ സേനാവിഭാഗങ്ങൾ ന്യായമാംവിധം നേടിയ പ്രഖ്യാതി എങ്ങും അറിയപ്പെട്ടിരിക്കുന്നു. അവർ നേടിയ കീർത്തി അനുപമമാണ്; ഒരിക്കലും അതിശയോക്തിയൊട്ടല്ലതാനും. . . . ഇന്ത്യൻസേനാവിഭാഗത്തിലെ ഈ ധീരഭടന്മാരുടെ ചെയ്തികൾ അവരൊന്നിച്ചു പൊരുതിയവർ മറക്കുകയില്ലതന്നെ."

—ഇററലിയിലെ സഖ്യസേനാനായകൻ ജനറൽ അലക്സാന്തർ, 1944 നവെമ്പർ 5-ാംനു.

### വിശ്വസ്തരും വീരരുമായ സഹപ്രവർത്തകന്മാർ

"ഈ യുദ്ധരംഗത്തിലുള്ള അമേരിക്കൻ ഭടന്മാർ വളരെ മുമ്പുതന്നെ ഇന്ത്യൻ യോദ്ധാവിന്റെ സമരചാതുര്യത്തെ ശരിയായി ഗ്രഹിക്കുകയും, അദ്ദേഹത്തെ വിശ്വസ്തനും വീരനുമായ ഒരു സഖാവായി ഭാവിക്കുകയും ചെയ്തിട്ടുണ്ട്. കാസിനോ യുദ്ധരംഗത്തിലുണ്ടായ ആദ്യസമരങ്ങളിൽ ഇന്ത്യൻ കാലാൾപ്പട കാണിച്ച വീര്യവും പരാക്രമവും വളരെയധികകാലത്തോളം ഓർമ്മിക്കപ്പെടും. ഗോതിക്ക്നിരയ്ക്കരികിലും, അതിന്നപ്പുറമുള്ള നാട്ടിലും പൊരുതിയപ്പോൾ ഇതേ മഹനീയ ഗുണങ്ങൾതന്നെ അവർ പ്രത്യക്ഷമാക്കി. അഞ്ചാം സേനയിലെ ഭടന്മാരുടേയും ആഫീസർമാരുടേയും പേരിൽ നാലാമത്തേയും, എട്ടാമത്തേയും, പത്താമത്തേയും ഇന്ത്യൻ വിഭാഗങ്ങളെ അവരുടെ സവിശേഷമായ സേവനത്തിന്നുവേണ്ടി ഞാൻ അഭിനന്ദിക്കുന്നു."

—ജനറൽ മാർക്ക് ക്ലാർക്ക്, 1944 നവെമ്പർ 5-ാംനു.

### "അവരുടെ നേട്ടങ്ങൾ, ഞങ്ങളുടെ അഭിമാനം"

"എട്ടാംപട ചെയ്ത സർവ്വ സമരങ്ങളിലും ഇന്ത്യൻ യോദ്ധാക്കൾ പങ്കെടുത്തിട്ടുണ്ട്. കുറച്ചു ദിവസങ്ങൾക്കു മുമ്പു, യുദ്ധമുന്നണിയെ പരിശോധിച്ച സന്ദർഭത്തിൽ രാജാവു തിരുമേനി ഇയ്യിടെ കഴിഞ്ഞ സമരത്തിൽ അവർ ചെയ്ത ഗണനീയ സേവനങ്ങളെ പ്രശംസിക്കുകയുണ്ടായി. റാപ്പിഡോ കടക്കുന്നതിൽ എട്ടാം ഇന്ത്യൻ സേനാവിഭാഗം കാണിച്ച അത്ഭുതകൃത്യം പ്രസ്താവയോഗ്യമാണ്. ഉയർന്ന മലയിടുക്കിലൂടെയുള്ള ഈ മൂന്നു ഇന്ത്യൻ സേനാവിഭാഗങ്ങളുടെ മുന്നോട്ടുകയററം പിന്നീടു പല വിജയങ്ങൾക്കും സഹായകരമായിത്തീർന്നു. എട്ടാം പടയ്ക്കുവേണ്ടി, ഇന്ത്യൻ യോദ്ധാവിന്റെ ചഞ്ചലിപ്പില്ലായ്മക്കും പരാക്രമത്തിന്നുമായി ഞാൻ അഭിനന്ദിക്കുന്നു. ഇന്ത്യൻ വിഭാഗത്തിന്റെ നേട്ടങ്ങൾ ഞങ്ങൾക്കെല്ലാവർക്കുംതന്നെ അഭിമാനകരമാണ്."

—ജനറൽ ലീസ്, 1944 നവെമ്പർ 5-ാംനു (എട്ടാംപടയുടെ സൈന്യാധിപത്യം ഒഴിയുന്നതിന്നുമുമ്പ്.)

## യുദ്ധരംഗത്തിൽ

(ശ്രീ പി. കെ. കുഞ്ഞിരാമൻ പണിക്കർ)

അനുദിനവുമനേകം തീവ്രയത്നങ്ങളാലുൽ-
ഘനമൊടു പടവെട്ടും നല്ല പട്ടാളവൃന്ദം;
നലമൊടു പൊരുതുന്നുണ്ടെങ്ങുമേ യുദ്ധരംഗ-
സ്ഥലമതിൽ, നിലതെററാതെത്രയും മേത്തരത്തിൽ.

II

വിലസിത വിലയാളും വാർത്തതിങ്ങുന്നപത്രം.
സുലഭമവിടെയാർക്കും കണ്ടിടാം വേണ്ടുവോളം.
ചിലരവയനുമോദംപൂണ്ടു വായിപ്പതിൽപ്പെ-
ട്ടലസതയൊഴിവാക്കും കാഴ്ച കാണേണ്ടതല്ലോ.

III

പടകളണിനിരന്നങ്ങാക്രമിക്കും പ്രദേശം
കിടുകിടെ ഞെരിയുന്നുബോംബു വീഴുന്നനേരം,
ഝടുതിയതിതിടുക്കായ് പാഞ്ഞിടും ടാങ്കുകൾക്കു-
ള്ളിടപെടലില, ടങ്ങുന്നെങ്ങുമേ ജാപ്പുസൈന്യം!

IV

ഞെറികളതിനിദാനംചേർന്ന തൊപ്പിക്കുതുല്യ-
ത്തിറമയൊടിടനിൽക്കും നല്ല പട്ടാളവേഷം.
പറയുകിൽഹൃദയത്തോടേന്തിനിൽക്കുന്ന ധൈര്യം
നിറയുവതിവരിൽ നാം കണ്ടിടാം വേണ്ടുവോളം.

V

മതിമതിയിനിയെന്നോതി ജാപ്പാനടങ്ങും
ഗതിയിലതിദ്രുതം നിങ്ങളെത്തിച്ചതെല്ലാം.
ശ്രുതിപെരുകിശരിക്കീ ഭാരതത്തിങ്കലെല്ലാ-
സ്ഥിതിയിലുമൊരു വെളിച്ചം കാണുമാറായിടട്ടെ.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 നവെമ്പർ 10-ാംനു, വെള്ളിയാഴ്ച


## വ്യോമയാനവും ലോകരക്ഷയും

നവെമ്പർ 1-ാം തിയ്യതി ചിക്കാഗോവിൽവെച്ചു വളരെ പ്രധാനമായ ഒരു സമ്മേളനം ആരംഭിക്കുകയുണ്ടായി. ഇതേവരേയും ഇങ്ങിനെയൊരു സമ്മേളനം കൂടപ്പെട്ടിട്ടില്ല. അന്തർദേശീയമായ രീതിയിൽ വ്യോമയാനത്തെപ്പററിയുള്ള പദ്ധതികളും മാർഗ്ഗങ്ങളും പർയ്യാലോചിക്കുന്നതിന്നുവേണ്ടി ചേർന്ന ഐക്യരാഷ്ട്രങ്ങളുടേയും മററും ഒരു സമ്മേളനമായിരുന്നു അതു്. ഈ സമ്മേളനത്തിൽ 50 പ്രധിനിധികൾ പങ്കെടുത്തിട്ടുണ്ടു്. ഐക്യരാഷ്ട്രങ്ങളിൽനിന്നും, മററു 'ബന്ധു' രാജ്യങ്ങളിൽനിന്നും, കൂടാതെ എട്ടു നിഷ്പക്ഷദേശങ്ങളിൽനിന്നും വരുന്ന പ്രതിനിധികളായിരുന്നു അവർ. ആകാശമാർഗ്ഗമായ സഞ്ചാരസൌകര്യങ്ങൾ ആർക്കും ഉപദ്രവകരമാകാത്തവിധത്തിൽ കഴിയുന്നത്ര വേഗത്തിൽ, ലോകത്തിൽ നിർമ്മിക്കണമെന്നതാണ് ഈ സമ്മേളനത്തിന്റെ ഉദ്ദേശ്യം. ഇന്ത്യയുംകൂടെ ഉൾക്കൊണ്ടിട്ടുള്ള ബ്രിട്ടീഷ് പ്രതിനിധിസംഘം, അന്തർദേശീയരീതിയിൽ ഒരു വ്യോമയാനാധികാരശക്തി സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെ എടുത്തുപറയുകയുണ്ടായി.

### നിയന്ത്രണത്തിന്റെ ആവശ്യകത

ഇതേററവും ആവശ്യകരമായ ഒരു കാർയ്യമാണ്. വ്യോമയാനത്തെ ദുഷിപ്പിയ്ക്കാതേയും, ദുരുപയോഗപ്പെടുത്താതേയും ഇരിക്കുന്നതിന്നു നിയന്ത്രണം ആവശ്യമാണ്. ഈ നിയന്ത്രണം കാർയ്യക്ഷമമായ രീതിയിൽ ഫലപ്രദമാക്കണമെങ്കിൽ പ്രധാനപ്പെട്ട ശക്തികൾ തമ്മിൽ ലക്ഷ്യങ്ങളെപ്പററി തികച്ചും യോജിപ്പു വേണംതാനും. ഈ യോജിപ്പുണ്ടാക്കുന്നതിന്നും പ്രവർത്തനങ്ങളെ തുടരുന്നതിന്നും ഒരു സംഘടന ആവശ്യവുമാണ്. കാർയ്യത്തെപ്പററിയാണ് ബ്രിട്ടീഷ് പ്രതിനിധി സംഘം പ്രസ്താവിച്ചതു്.

എന്നിട്ടും, "കനേഡിയൻ പ്ലാൻ" എന്നപേരിൽ ഈ ബ്രിട്ടീഷു നിർദ്ദേശങ്ങൾ അന്തർദേശീയ വ്യോമയാനസമ്മേളനത്തിന്നു മുമ്പാകെകൊണ്ടുവന്നപ്പോൾ അമേരിയ്ക്ക, അവ അപ്പടി നിരാകരിക്കുകയാണ് ചെയ്തതു്. അവർ പറയുന്ന കാരണം, ഒരു വമ്പിച്ച സംഘടന വേണ്ടെന്നും, സംഗതികൾ ആരാഞ്ഞറിഞ്ഞു വേണ്ടതുചെയ്യുന്നതിന്നു് ഒരു ചെറിയ കാർയ്യാലോചന സമിതിമാത്രം മതിയെന്നുമാണ്. ഈ വീക്ഷണഗതി മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. ഈ വിഷയം അത്രമാത്രം ഗൌരവതയും പ്രാധാന്യവും ഉള്ള ഒന്നാണ്. കൂടുതൽ പ്രായോഗികവും സുദൃഢവുമായ നിർദ്ദേശങ്ങളാണ് ഇതുസംബന്ധമായി വേണ്ടതു്. പ്രസിഡണ്ട് റൂസ്‌വെൽട്ട് സമ്മേളനത്തിന്നു് സന്ദേശം അയച്ചപ്പോൾ ഈ വാസ്തവം സൂചിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഭാവിയിൽ ഒരുപക്ഷെ യുദ്ധമുണ്ടാകുന്നതിനെ സർവ്വ വിധത്തിലും തടയാനുള്ളമാർഗ്ഗങ്ങൾ സമ്മേളനം കണ്ടെത്തണമെന്നുള്ള ആശ അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ടു്. അമേരിക്കൻ പ്രതിനിധി സംഘത്തിന്റെ നേതാവായ മി. അഡോൾഫ് എ. ബെറിൽ ചെയ്ത ഈ പ്രസ്താവനയും വിശേഷമായിരിക്കുന്നു: "ആകാശം ആക്രമണത്തിന്നുള്ള ഉപകരണമാക്കി ഉപയോഗപ്പെടുത്തിവന്നിട്ടുണ്ടു്. ഇന്നു് അതു സ്വാതന്ത്ര്യത്തിന്റെ പാതകളാക്കി മാററുകയാണ് വേണ്ടതു്."

ആസ്ത്രേല്യയിൽനിന്നും ന്യൂസിലണ്ടിൽനിന്നും വന്ന പ്രതിനിധികളുടെ അഭിപ്രായം ഇതിലും മേത്തരമാണ്. ന്യൂസ്‌ലണ്ട് പ്രതിനിധി പ്രസ്താവിച്ചു: "മുറിവൈദ്യങ്ങൾ ചെയ്തു നോക്കുന്നതിന്നു സമയമല്ല ഇതു്. യുദ്ധത്തിന്റെ ആവിർഭാവത്തെ തടയുന്നതിന്നും, ആക്രമണശക്തികൾക്കെതിരായി ബലം പ്രയോഗിക്കുക എന്ന ചുമതല നമുക്കു ഒരു സർവ്വരാജ്യസംഘടനയിൽ സമർപ്പിക്കാമെങ്കിൽ, ആകാശസഞ്ചാരപദ്ധതികളിൽമാത്രം എന്തുകൊണ്ടു അങ്ങിനെയുള്ള ഒരു സംഘടനയുടെ നിയന്ത്രണം പാടില്ല?"

ബ്രിട്ടീഷ് നിർദ്ദേശങ്ങളെ അമേരിക്കൻ പ്രതിനിധികൾ എതിർത്തതു് ഒരു സർവ്വരാജ്യ രീതിയിലുള്ള കാർട്ടൽ വേണമെന്നാണ് ആവശ്യപ്പെട്ടതു എന്നു തെററിദ്ധരിച്ചിട്ടാണെന്നു തോന്നുന്നു. നിർദ്ദേശങ്ങളുടെ ഉദ്ദേശ്യം അതൊന്നുമല്ലാതന്നെ. വ്യോമയാനകേന്ദ്രങ്ങളിൽ യാതൊരു നിയന്ത്രണവും ഇല്ലാതേ, തോന്നുമ്പോൾ ആർക്കും എവിടേയും പറക്കാമെന്നു വരുന്നപക്ഷം, വമ്പിച്ച മത്സരവും, അനാവശ്യമായ ഭിന്നിപ്പും തൊഴുത്തിൽക്കുത്തും, അതിലും ചീത്തയായ പല അനിഷ്ട സംഭവങ്ങളും ഉണ്ടാവാനിടയുണ്ടു്. ബ്രിട്ടീഷ് പ്രതിനിധി സംഘത്തിന്റെ നേതാവായ സ്‌വിൻടൺ പ്രഭു പറഞ്ഞമാതിരി, ലോകത്തിന്റെ രക്ഷ മുഴുവനും ഇന്നു ആകാശത്തിലാണ്. കുറച്ചൊന്നു ആലോചിച്ചാൽ അതു വ്യക്തമാവുന്നതാണ്.

### സർവ്വരാജ്യസംഘടനതന്നെ വേണം

കൂടെ കൂടെ "ലോകവ്യാപക യുദ്ധം" എന്ന അഭിപ്രായം നമ്മൾ കേൾക്കാറുണ്ടു്. എങ്ങിനെയാണ് ഈ യുദ്ധം ലോകവ്യാപകമായതു്. വിമാനങ്ങൾമൂലം. വിമാനങ്ങൾ സ്ഥലകാലങ്ങളെക്കൂടെ കവച്ചു കഴിഞ്ഞിരിക്കുന്നു. ഒരു കൊല്ലം മുമ്പുതന്നെ ലണ്ടനിൽനിന്നു കറാച്ചിയ്ക്കു വരുന്നതിന്നു വിമാനമാർഗ്ഗമായി 13 മണിക്കൂറിന്നുള്ളിൽ സാദ്ധ്യമാവുമെന്നു പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. ഈസ്റ്റ് ഇൻഡീസിനെ ചുററിക്കൊണ്ടു എവിടേയും നിൽക്കാതെ, സിലോണിൽനിന്നു് ആസ്ത്രേല്യയിലേയ്ക്കു, യുദ്ധത്തിന്നു മുമ്പുതന്നെ 24 മണിക്കൂർ കൊണ്ടുപോകാൻ സാധിച്ചിരുന്നു.

സ്ഥലകാലങ്ങൾ ഇങ്ങിനെ സുസാധ്യവും സുഗമവുമാക്കപ്പെട്ട ഈ സന്ദർഭത്തിൽ അതൃത്തികളെല്ലാംതന്നെ മാഞ്ഞിരിക്കുന്നു. തന്മൂലം ലോകരക്ഷയുടെ അടിസ്ഥാനം സൌഹാർദ്ദപൂർവ്വമുള്ള സഹകരണമാണ്. വിമാനങ്ങൾ ഇഷ്ടംപോലെ അങ്ങുമിങ്ങും ചുററിപ്പറക്കുന്നതുകൊണ്ടു വൈഷമ്യങ്ങളുണ്ടാവും. ഈ നിലയിൽ വരുമ്പോൾ, ഏതു രാജ്യത്തിനാണോ അധികം വിമാനങ്ങൾ ഉള്ളതു ആ രാജ്യം ലോകത്തെ സ്വാധീനിക്കുകയും, ചിലപ്പോൾ അധീനപ്പെടുത്തുകതന്നേയും ചെയ്യുന്നതിന്നു സാദ്ധ്യമായിവരും. അതു ഏററവും അസഹ്യമായ ഒരു സ്ഥിതിയാണ്. ഈ വിഷമവും വിപത്തും ദൂരീകരിക്കുന്നതിന്നാണ് നിയന്ത്രണം. നിയന്ത്രണമെന്നു വെച്ചാൽ, സമാധാനേച്ഛുക്കളായ രാഷ്ട്രങ്ങളുടെ നിയന്ത്രണമായിരിക്കണം. അതു വെറും കാർയ്യാലോചന സംഘമോ, ഉപദേശക സമിതിയോ മാത്രമായാൽ പോരാ. ഐക്യരാഷ്ട്രങ്ങളെപ്പോലെയുള്ള ഒരു സംഘം—വേണ്ടിവന്നാൽ ലോകത്തെ കാത്തുരക്ഷിക്കുന്നതിന്നു് അധികാരമുള്ള സംഘം. കരസൈന്യവും കടൽസൈന്യവുമായി യോജിച്ച വിമാനശക്തിയുപയോഗിച്ചായിരിക്കണം, ലോകരക്ഷയെ പുലർത്തുവാൻ.

### യുദ്ധം നൽകിയ പാഠം

തന്മൂലം, ലോകരക്ഷയ്ക്കുള്ള ആദ്യത്തെ സംരംഭം ബ്രിട്ടീഷു പ്രതിനിധി സംഘം അഭിപ്രായപ്പെട്ടപ്പോലെ ഒരു സർവ്വരാജ്യ സംഘടന രൂപീകരിക്കുകയാണ്. ഒരു രാജ്യത്തിന്റെ മാത്രം കയ്യിൽ ഒരിയ്ക്കലും ഈ കൃത്യം വിട്ടുകൊടുത്തുകൂടാ.

ലോകത്തിന്റെ സംരക്ഷയ്ക്കുള്ള മാർഗ്ഗങ്ങളും പരിപാടികളും ഉടനടി നടപ്പിൽ വരുത്തുന്നതിന്നുള്ള സമയം ആസന്നമായിത്തുടങ്ങി. നാം ഈ യുദ്ധത്തിൽ എത്ര ദുരിതങ്ങളും കഷ്ടതകളും സഹിച്ചു? മേലിലും, ഈ ദുരവസ്ഥയിൽനിന്നു രക്ഷപ്പെടാൻ എന്തും ചെയ്യേണ്ടതാണ്. വ്യോമയാന സമ്മേളനത്തിൽനിന്നു ലോകത്തിന്നു് ഈ തരത്തിലുള്ള ഒരുറപ്പു നൽകലെങ്കിലും, ലഭിക്കേണ്ടതാണ്. ആകാശം എല്ലാർക്കും സ്വാതന്ത്രമായി കിട്ടണമെന്നോ, വിഭാഗിക്കപ്പെടണമെന്നോ, അല്ല പ്രധാന പ്രശ്നം. ആകാശമാർഗ്ഗമായ അപകടങ്ങളിൽനിന്നു സംരക്ഷയും, സുരക്ഷിതമായ ആകാശസഞ്ചാരസൌകർയ്യവുമാണ് ഇന്നാവശ്യം. പൊതുജനാഭിപ്രായം, പ്രത്യേകിച്ചും വൈമാനികന്മാരുടെ അഭിപ്രായം, ബ്രിട്ടീഷു നിർദ്ദേശങ്ങൾക്കു അനുകൂലമാകാനേ വഴിയുള്ളു; സമ്മേളനത്തിന്റെ മുമ്പിലുള്ള കൃത്യങ്ങൾ എളുപ്പം കുറഞ്ഞതല്ല. ഒരു രാജ്യത്തിന്റെയല്ലാതെ, ലോകത്തിന്റെ മുഴുവനും തന്നെ, താല്പർയ്യത്തെ സുരക്ഷിതമാക്കുന്നതിന്നും അഭിവൃദ്ധിപ്പെടുത്തുന്നതിന്നും ഉതകുന്ന തീരുമാനങ്ങൾ ധൈർയ്യപൂർവ്വം ഈ സമ്മേളനം സ്വീകരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

# ആഴ്ചക്കുറിപ്പുകൾ

## ബർമ്മയുദ്ധത്തിൽ വിമാനസേന വഹിച്ച പങ്കു്


ഈ ലോകമഹായുദ്ധത്തിൽ, മറേറതു രംഗത്തിലും, ബർമ്മയുദ്ധത്തിലെപ്പോലെ വിമാനശക്തി അത്രത്തോളം ഫലപ്രദമായിവന്നിട്ടില്ല. ഒരു കൊല്ലത്തിലധികമായി, ജപ്പാൻകാർ മിക്കവാറും ബർമ്മ മുഴവനും അധീനപ്പെടുത്തിയിരിക്കയായിരുന്നു. പക്ഷെ ഇന്നാവട്ടെ, അവർ ആശയററു്നിന്നു പൊരുതുകയാണു്. അവർ ഏതെങ്കിലുംഒരു സ്ഥലത്തു യുദ്ധംചെയ്യുനിൽക്കുമ്പോൾ, ഉടനെത്തന്നെപുറംമനിന്നു ഭക്ഷണസാമഗ്രികളും ആയുധങ്ങളും കിട്ടാതെ വിഷമിക്കേണ്ടിവരുന്നു. എങ്ങിനെയാണിതു്? ഇക്കാര്യത്തിലാണു് വിമാനസേനയുടെ ഉപയോഗവും പ്രാധാന്യവും തികച്ചും പ്രത്യക്ഷപ്പെടുന്നതു്. അവരുടെ സന്ദേശസൌകര്യങ്ങളും, ശേഖരപ്പുരകളും മററും കഠിനമായ ബോംബാക്രമണം മൂലം തകരുകയും താറുമാറാവുകയും ചെയ്യുന്നു. ഈ യുദ്ധരീതി ബർമ്മ സംരംഭത്തിൽ ആദ്യംമുതൽക്കേ സ്വീകരിച്ച ഒന്നാണു്. അഡ്മിറൽ മൌണ്ട്ബാററൻ പ്രഭു വളരെ മുമ്പുതന്നെ വിമാനസേനയും കരസേനയും തമ്മിൽ അത്ര ദൃഢമായ ഒരു ബന്ധം യുദ്ധരീതിയിൽ വരുത്തിയിരുന്നു.

കൂടെക്കൂടെ നാം ബർമ്മയിൽ സഖ്യവിമാനങ്ങൾ ബോംബിട്ട വാർത്തകൾ കേൾക്കുന്നു. ഈയിടെയായി, ഈ ബോംബുവർഷങ്ങൾ പണ്ടത്തെക്കാൾ വളരെയധികം വർദ്ധിച്ചിട്ടുണ്ടു്. ഈ വാർത്തകളിൽവെച്ചു് ഏററവും പ്രാധാന്യമുള്ളതു് സൂപ്പർഫോട്രസു് വിമാനങ്ങളും ബർമ്മയിൽ ബോംബിടുന്നതിന്നു ഉപയോഗപ്പെടുത്തിവരുന്നുണ്ടെന്നുള്ളതാണു്. ഈ വിമാനങ്ങൾ റംഗൂണിൽ ബോംബിട്ടു. മാത്രമല്ല, ആദ്യത്തെ പ്രാവശ്യം, നവെമ്പർ 5-ാംനു- സിങ്കപ്പൂരും ബോംബുവർഷത്തിന്നിരയായി. അവിടത്തെ നാവികത്താവളങ്ങളും തുറമുഖവും ബോംബുവർഷത്താൽ വളരെ അധികം നാശമായിരിക്കുന്നു. ഇൻഡോ-ചൈനയിലും സഖ്യശക്തികളുടെ വിമാനങ്ങൾ ബോംബാക്രമണം നടത്തിവരുന്നു. അവിടത്തെ ഉന്നങ്ങൾ വ്യവസായികകേന്ദ്രങ്ങളാണു്. ഈ രംഗങ്ങളിലും യൂറോപ്പിലെപ്പോലെത്തന്നെ, വിമാനസേനയിൽ ശത്രുക്കളെക്കാൾ മേൽക്കിട സഖ്യശക്തികൾക്കാണെന്നാണു് ഈ സംഭവഗതികൾ തെളിയിക്കുന്നതു്.

## ഇററലിയിൽ ശത്രു ക്ഷീണിച്ചുവരുന്നു


ഇററലിയിൽ യുദ്ധം ചെയ്തുവരുന്ന വിവിധ രാജ്യങ്ങളിലും ഉൾപെട്ട സഖ്യസേനകൾ തടസ്സമൊന്നും ഗണിക്കാതെ മുന്നോട്ടുതന്നെ കയറിക്കൊണ്ടിരിക്കുന്നു. കൈസർലിങ്ങിൻെറ രോഗം ഹേതുവായി ചില നേരിയ ആനുകൂല്യങ്ങളുണ്ടാവാനിടയുണ്ടു്. എങ്കിലും മരണംവരെയും ചെറുത്തു നിൽക്കുന്നതിന്നുള്ള ഉത്തരവു് ശത്രുസേനയ്ക്കു് കൊടുക്കപ്പെട്ടിരിക്കുന്നു. റിമിനിയ്ക്കും ബൊളോണയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്ന ഫോർലി എട്ടാംപട തകർക്കാൻ തുടങ്ങിയിട്ടുണ്ടു്. എട്ടാംപടയിൽ ഇന്ത്യൻ സേനാവിഭാഗങ്ങളുംകൂടി ഉണ്ടു്. ഇററലിയിലെ സഖ്യസേനകളുടെ അധിപനായ ജനറൽ അലക്സാന്തർ ഈ ആഴ്ചയിൽ പ്രസ്താവിക്കയുണ്ടായി ഇററലിയൻ സമരം ഇരുകക്ഷികളുടെയും സമരവൈദഗ്ദ്ധ്യവും ആയുധബലവും അന്യോന്യം ഉരച്ചുനോക്കലാണെന്നു്. ശത്രുവിന്നു വമ്പിച്ച ആൾനഷ്ടവും സാമാനനഷ്ടവും പററിയിട്ടുള്ളതായും കൂട്ടത്തിൽ അദ്ദേഹം പറകയുണ്ടായി. സഖ്യസേനകൾ 34,000 ജർമ്മൻകാരെ കൊല്ലുകയും 104,000 പേരെ മുറിപ്പെടുത്തുകയും 56,000 പേരെ തടവുകാരാക്കിപ്പിടിക്കുകയും ചെയ്തിട്ടുണ്ടു്. ഈയിടെയായി ഇററലി സന്ദർശിച്ചവരിൽ ഒരാൾ ലണ്ടനിൽ ഇന്ത്യൻ ഹൈക്കമീഷണരായി വർത്തിക്കുന്ന സർ സാമുവേൽ രങ്കനാഥനായിരുന്നു. ഇന്ത്യൻ സേനകൾക്കു് ഈ സന്ദർശകൻെറ സാന്നിദ്ധ്യം വളരെയധികം സന്തോഷാവഹമായിരുന്നിരിക്കണം.

# ലോകമഹായുദ്ധം




## ഗ്രീസിലെ നില

ജർമ്മൻകാർ മിക്കവരും ഗ്രീസിൽനിന്നു വിട്ടുവെന്നു് വിശ്വസിക്കപ്പെട്ടുവരുന്നു. ഗ്രീക്കുകാർ അവരെ ആട്ടിപ്പുറത്തയച്ചു; പക്ഷെ ഇതിന്നുവേണ്ടി അവർ കൊടുത്ത വില കുറച്ചൊന്നുമല്ല. ഗ്രീക്കിൻെറ ദയനീയമായ നില ബ്രിട്ടൻെറയും യു.എൻ.ആർ.ആർ.എ. യുടെയും അടിയന്തര ശ്രദ്ധക്കു് വിഷയീഭവിച്ചിട്ടുണ്ടു്. ഒരു നാണയമെന്ന നിലക്കു് ഗ്രീക്കിലെ നാണയമായിരുന്ന 'ഡ്രാക്മ' യ്ക്കു് ഇന്നു വില 25,000 ഇരട്ടി വർദ്ധിച്ചിരിക്കുന്നുവത്രെ. തന്മൂലം ഗ്രീക്ക് ജനങ്ങൾ റെഡ്ക്രോസിൽനിന്നും വിതരണം ചെയ്തുവരുന്ന ഭക്ഷണത്താൽ മാത്രമാണു് ജീവിച്ചുവരുന്നതു്. കഴിഞ്ഞ ആഴ്ചയിൽ അത്തൻസ് സന്ദർശിച്ച ബ്രിട്ടീഷു വിദേശകാര്യമന്ത്രി മി. ഏഡൻ മാസംതോറും മദ്ധ്യപൌരസ്ത്യ ദേശത്തിലുള്ള ബ്രിട്ടീഷ് സൈനിക കേന്ദ്രങ്ങളിൽനിന്നു് 60,000 ടൺ ഭക്ഷണസാമഗ്രികളും, ഔഷധങ്ങളും മററു അത്യാവശ്യസാമാനങ്ങളും നല്കാമെന്നു വാഗ്ദത്തം ചെയ്കയുണ്ടായി. ബ്രിട്ടീഷ് സൈ




ഹലോ, അഡോൾഫ്! ഇപ്പോഴും ലോകം പിടിച്ചടക്കണമെന്നു മോഹിക്കുന്നുവോ?

മററെ പുറം സാമഗ്രികൾ ലാഭകരമാംവിധം വിററഴിക്കുക എന്നതാണു്. എല്ലാ തൊഴിൽശാലകൾക്കും, വിശേഷിച്ചു ഒരു പേരെടുക്കുന്നതിന്നുമുമ്പു, മത്സരത്തെ അഭിമുഖീകരിക്കേണ്ടിവരും. ശൈശവാവസ്ഥയിലുള്ള ഈ കോപ്പറേററീവ് വ്യവസായങ്ങൾക്കു പരിരക്ഷ നൽകുന്നതിന്നു, ഗവമ്മേണ്ട് രക്ഷാകർത്തൃത്വം നല്കേണ്ടതാണെന്നു കമ്മിററിക്കു ബോദ്ധ്യമായിട്ടുണ്ടു്. ഗവമ്മേണ്ടിന്നു മരസ്സാമാനങ്ങൾ, ഇരുമ്പുസാമഗ്രികൾ, തോൽസാമഗ്രികൾ ഇവ ആവശ്യം വരുന്നപക്ഷം കോപ്പറേററീവ് തൊഴിൽശാലകളോടു ആവശ്യപ്പെടുന്നതായിരിക്കും. ഗവമ്മേണ്ടിലെ ഒരു ഡിപ്പാർട്ട്മെണ്ട് തന്നെ സാമഗ്രികൾ എല്ലാം വേണ്ടത്ര വാങ്ങി നല്ല രീതിയിൽ തൊഴിൽശാലകൾ നടത്തുന്നതിന്നു ഉത്തരവാദപ്പെട്ടിരിക്കും. അങ്ങിനെ വരുമ്പോൾ, തങ്ങളുടെ പണം ചെലവധികം വന്നതും മോശമായതുമായ സാമാനങ്ങൾക്കായി ചെലവാക്കപ്പെടുന്നുവെന്നു നികുതിദായകൻ വേവലാതിപ്പെടേണ്ടതില്ല.

കെട്ടിടങ്ങൾ, യന്ത്രങ്ങൾ, തൊഴിലാളികളുടെ വീടുകൾ ഇവകളുടെ ഉടമാവകാശം, സൊസൈററിക്കായിരിക്കും. മാസംതോറും അംഗങ്ങൾ വീടിന്നു മിതമായ ഒരു സംഖ്യ വാടകയായി കൊടുക്കേണ്ടിവരും. 20 കൊല്ലംകൊണ്ടു ഈ വാടക, കെട്ടിടത്തിന്നു വേണ്ടിവന്ന ചെലവു വീണ്ടെടുക്കുന്നതിന്നും, കേടു തീർക്കുന്നതിന്നും പുതുക്കുന്നതിന്നും വേണ്ടിയുള്ള നിധി രൂപീകരിക്കുന്നതിന്നും ഉപയോഗപ്പെടുത്തും. ഇതു കഴിഞ്ഞാൽ ഈ വീടുകൾ അവരുടെയെല്ലാമായിരിക്കും. പക്ഷെ, കമ്മിററിയുടെ അനുവാദമില്ലാതെ ആധാരപ്രകാരമോ മററൊ കൈമാററംചെയ്യാൻ പാടില്ലതന്നെ.

തൊഴിൽശാലകളും യന്ത്രങ്ങളും സൊസൈററിയുടെ മാത്രം സ്വത്തായിരിക്കും.

### "ഭൂരിപക്ഷഭൂരിസുഖം"

ഓരോ തൊഴിൽശാലയിലും എത്ര തൊഴിലാളികൾക്കു് പ്രവൃത്തിക്കുന്നതിന്നു സൌകര്യപ്പെടുത്താം എന്നു ഇപ്പോൾ തീർച്ചപ്പെടുത്തിക്കൂടാ—എന്നാൽ പതിനൊന്നു ജില്ലകളിൽ തൊഴിശാലകൾ സ്ഥാപിക്കുന്നതിന്നുള്ള പദ്ധതികളുണ്ടു്. ഇതുകൊണ്ടുമാത്രം അവസാനിച്ചിട്ടില്ല, വിജയകരമാവുന്നതായാൽ, വീണ്ടും നിർമ്മിക്കപ്പെടും. അങ്ങിനെ വരുന്നപക്ഷം മുതലാളിത്തത്വത്തിൻെറ സാമ്പത്തിക തത്വത്തിന്നും സ്വകാര്യ സ്വത്തുടമസ്ഥും ഈ വിജയം ഒരു പ്രഹരമായിവരും; അതുപോലെത്തന്നെ കോപ്പറേററീവ് സിദ്ധാന്തത്തിന്നു ഒരു പ്രചോദനവും. മാത്രമല്ല, സംസ്ഥാനത്തിലെങ്ങുംതന്നെ ഈ രീതി അനുകരണീയമായി വരികയും ചെയ്യും.

തിരിച്ചുവരുന്ന പട്ടാളക്കാരനെ സംബന്ധിച്ച മദ്രാസ് സംസ്ഥാനത്തിലെ പുനനിർമ്മാണപദ്ധതികളെപ്പററി, ഇത്രമാത്രമേ എനിക്കു ഈയവസരത്തിൽ പറയാൻ നിവൃത്തിയുള്ളൂ. അതിസ്സൂത്രക്കാരനും, പിൻതിരിപ്പനും ഇതു് ഒരു സാഹസകൃത്യമാണെന്നു പുലമ്പിയേക്കാം. കോപ്പറേററീവ് സമ്പ്രദായം സ്വീകരിക്കൽ; സാമ്പത്തിക മാർഗ്ഗങ്ങളുടെ അനിശ്ചിതാവസ്ഥ; പട്ടാളക്കാരുടെ വ്യക്തിപരമായവാസനയേയും അഭിരുചിയേയും ലഘൂവാക്കിപ്പറയൽ;—ഇവയൊക്കെയാണു് ഈ പദ്ധതികളെപ്പററി ഈ പിൻതിരിപ്പന്മാർക്കുണ്ടാവുന്ന വിമർശനങ്ങൾ. അതേ, ഇതു് ഒരു സാഹസികമായ ധീരകൃത്യമാണു്, ഒരു പുതിയ വിശേഷമായ ലോകത്തിലെത്തുന്നതിന്നു്. പക്ഷെ ഒരു സാഹസം എപ്പോഴും കണ്ടാത്രുവക്കളിയായിക്കൊള്ളണമെന്നില്ല. പിന്നെ ഈ പദ്ധതികൾക്കു പിന്നിൽ പരിചയം സിദ്ധിച്ച അനുദ്യോഗസ്ഥന്മാരുടെ കറകളഞ്ഞ അഭിലാഷങ്ങളും, തഴക്കവും പഴക്കവും ലഭിച്ച ഔദ്യോഗികശ്രദ്ധയും ഉണ്ടെന്നു് മറക്കാൻ പാടില്ല. തന്മൂലം, പൊതുജനങ്ങൾ "ഭൂരിപക്ഷഭൂരിസുഖ"ത്തിന്നുള്ള വ്യവസ്ഥകളാണു് ഇവയെന്നു പറഞ്ഞു പുകഴ്ത്തുമെന്നു എനിക്കു ഉറപ്പുണ്ടു്.

## സോദരന്മാരോടു്

(വി. കുഞ്ഞനന്തൻ നായർ)

I

ദുരന്ത ദുഃഖാബ്ധിയിലാണ്ടു നാമി-
ത്തരത്തിലെന്തിന്നുഴലേണ്ടിവന്നു ?
അജ്ഞാപ്പു കാട്ടാള മനസ്ഥിതിക്കാർ
യുദ്ധത്തിനായ് വന്നൊരു കാരണത്താൽ.

II

പെനാങ്കു, റംഗൂൺ മുതലായ ദേശ-
ങ്ങളിൽക്കിടപ്പൂ പല ഭാരതീയർ.
ഹാ, കഷ്ടമാനാട്ടുകൾ . . നിഷ്ഠുരന്മാ-
രജ്ഞാപ്പു വൃന്ദം . . . മതിയെന്നുരയ്ക്കാം !

III

എന്നോളമിക്രൂരരെയാകമാന-
മശ്ശാന്തവാരാന്നിധിയിങ്കൽ മുക്കി-
കൊന്നീടുവാൻ സാദ്ധ്യമതായ് വരുന്ന-
തന്നോളമില്ലൊട്ടുമെ സൌഖ്യമാക്കും.

IV

ഇറങ്ങുവിൻ സോദരരേ ! സധീര-
മൊരുങ്ങുവിൻ പോവുക പോർക്കളത്തിൽ,
പാരിച്ച ജപ്പാനെയടിച്ചമർത്താൻ
പാരിങ്കൽനിന്നക്രമമാകെ നീക്കാൻ !

## ഏകാങ്കനാടകം

# സമരകവി

[വിശാരദ്, പി. വി. രാമവാരിയർ]

പാത്രങ്ങൾ :

കവി—സമരവാർത്താലേഖകൻ.

തേവിയ—നാഗസ്ത്രീ—കിഴവി—ആസ്സാം കു ഗ്രാമങ്ങളിൽ പാക്കുന്ന നാഗജാതിയിൽ പെട്ടവൾ.

രണ്ടു നാഗന്മാർ—ഗ്രാമീണർ. സഖ്യസേനയിലെ മുറിയേററ രണ്ടു യോദ്ധാക്കൾ.

ക്യാപ്ടൻ ഫോൻ—ജാപ്പ് പട്ടാള നായകൻ. നാലു ജാപ്പ് പട്ടാളക്കാർ.

പശ്ചാത്തലം—മണിപ്പൂർ യുദ്ധഭൂമി.

[ഇക്കഴിഞ്ഞ മണിപ്പൂർ യുദ്ധത്തിൽ സഖ്യസേനകൾക്കുണ്ടായ വിജയത്തിൽ അവിടത്തെ ഗ്രാമീണരുടെ സഹായം എത്രത്തോളമുണ്ടായിരുന്നു എന്ന വാസ്തവത്തെ, അവധിയിൽ മടങ്ങിവന്ന ഒരു യോദ്ധാവ് പറഞ്ഞ കഥയെ ആസ്പദിച്ച് എഴുതിയതു്.]

### രംഗം I

(സ്ഥലം : ഗ്രാമം. സമയം : പ്രഭാതം. മൂടൽമഞ്ഞിൽക്കൂടെ ബാലഭാസ്കരൻെറ തങ്കകിരണങ്ങൾ ഭൂസ്പർശം ചെയ്യുന്നു. വിളഞ്ഞു നില്ക്കുന്ന നെൽപാടം മഞ്ഞപ്പട്ടുവിരിച്ചപോലെ പ്രശോഭിതമായിരിക്കുന്നു. കവി, വയലിൻെറ മദ്ധ്യത്തിൽ പന്തലിച്ചു നില്ക്കുന്ന ഒരു വൃക്ഷച്ചുവട്ടിൽ ചിന്താകുലനായ് നില്ക്കുന്നു.)

കവി : ഇന്നത്തെ പ്രഭാതം ഏററവും മനോഹരമായിക്കുന്നു. എങ്കിലും ആ സൌന്ദര്യത്തിൻെറ സുമുഖത്തു ഒരു നേരിയ വലയിട്ടിട്ടുണ്ടു്—മൂടൽമഞ്ഞ്. അതു് ഏതോ വരുവാൻ പോകുന്ന ഒരു ആപത്തിൻെറ സൂചനയാവാം. [അങ്ങുമിങ്ങും ഉലാത്തുന്നു.] ലോകത്തിൻെറ ചരിത്ര അദ്ധ്യായങ്ങളെ ഒന്നു പിമ്പോട്ടു മറിച്ചു നോക്കിയാൽ, സമരകാലത്തു കവികളും, ലേഖകന്മാരും അതിൽ പങ്കു വഹിച്ചതായ് കാണാം—ഇന്നത്തെ സമരത്തിലും ലേഖകന്മാർക്കു ഒരു വലിയ പങ്കുണ്ടു്. റഷ്യയിലേയും ബ്രിട്ടനിലേയും കവികളും, ലേഖകന്മാരും ഇന്നു യുദ്ധക്കളത്തിലാണ്. കഴിഞ്ഞ റഷ്യൻ വിപ്ളവവും ഫാസിസ്റ്റുഴിമതികളും അവരെ അതിന്നു പഠിപ്പിച്ചു. സ്റ്റാലിൻ പറഞ്ഞിട്ടുണ്ടു്: കവികളുടെ തൂലികയെല്ലാം, കൈത്തോക്കുകളായി മാറണമെന്ന്. ശരിയാണ്. . . . . ചൈനയിലെ പ്രസിദ്ധനാടകകർത്ത്രിയായ ശ്രീമതി തിംഗ് ലിംഗ് ഇപ്പോൾ യുദ്ധഭൂമിയിലാണ്. ജാപ്പാന്ന് വിരോധമായ നാടകങ്ങളും പ്രഹസനങ്ങളും എഴുതി, പട്ടാളതാവളങ്ങളിൽ അഭിനയിച്ചു നടക്കുകയാണ് ഇപ്പോൾ അവരുടെ സേവനം. വാസ്തവത്തിൽ തിംഗ് ലിഗിൻെറ തൂലിക ആയിരമായിരം പീരങ്കികളേക്കാൾ ഫലം ചെയ്യുന്നുണ്ടു് . . . യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിന്നു മുമ്പുതന്നെ ജമ്മൻകാർ കവികളേയും ചിത്രകാരന്മാരേയും നിർബ്ബന്ധപൂർവ്വം പട്ടാളത്തിൽ ചേർത്തുകഴിഞ്ഞിരിക്കുന്നുവത്രെ. എന്തായാലും കവികളെ നിർബ്ബന്ധിക്കുന്നതുകൊണ്ടു് പ്രയോജനം കുറവായിട്ടേ വരുകയുള്ളൂ. നമുക്കും, ഭാരതീയ സാഹിത്യകാരന്മാർക്കും—ഇന്നത്തെ യുദ്ധത്തിൽ ശരിയായ ഒരു പങ്ക് വഹിക്കേണ്ടതു അത്യാവശ്യമാണ്. അല്ലാത്ത പക്ഷം, ഭാരതീയ സാഹിത്യത്തിന്നോ, ഭാരതീയ സാഹിത്യകാരന്മാർക്കോ വിശ്വസാഹിത്യത്തിൽ ഒരു പങ്ക്, ഒരു സ്ഥാനം ഉണ്ടായിരിക്കയില്ല. [ചിന്താകുലനായ് നടക്കുന്നു. കീശയിൽ നിന്ന് ഒരു കടലാസ്സു എടുത്തു എന്തോ എഴുതുന്നു. അതിൽ ശ്രദ്ധിച്ചിരുന്നുപോകുന്നു. രണ്ടു് ഗ്രാമീണർ പ്രവേശിക്കുന്നു. രണ്ടുപേരും നാഗന്മാരുടെ വേഷത്തിൽ—തോളിൽ വില്ലും അമ്പും ധരിച്ചിട്ടുണ്ടു്.]

ഒന്നാമൻ : (പ്രവേശിച്ചു കവിയുടെ പുറത്തു തട്ടിക്കൊണ്ടു്) അല്ലാ, ഇതാര് ? നമ്മുടെ കവിജിയൊ ?

കവി : (സ്വപ്നത്തിൽനിന്ന് ഉണർന്നപോലെ ഒരു മന്ദഹാസത്തോടെ) ഓഹ് !

രണ്ടാമൻ : ഇതെന്താ, ഇവിടെ, ഇത്രെ രാവിലെ ? ഈ നാട്ടിൻപുറത്തു അങ്ങിനെ കാണാറില്ലല്ലൊ ?

കവി : അങ്ങിനെയില്ല, ഞാൻ സമയമുള്ളപ്പോഴെല്ലാം, നാട്ടിൻപുറത്ത് ഇറങ്ങി, നാട്ടുകാരായി പരിചയപ്പെടാറുണ്ടു്.

ഒന്നാമൻ : അതു ശരിയാ, അല്ലെങ്കിൽ ഞങ്ങളും നിങ്ങളുമായ് എങ്ങിനെ പരിചയപ്പെട്ടും ?

കവി : ഞങ്ങൾക്കും, നാട്ടുകാരുമായ് പരിചയപ്പെടണം. പിന്നെ ചില തെററിദ്ധാരണകൾ ജനങ്ങളിൽ പടർന്നുപിടിച്ചിട്ടുണ്ടു്. പട്ടാളക്കാരെല്ലാം നാട്ടുകാർക്കു ഉപദ്രമെ ചെയ്യൂ എന്നും, അവരെ കണ്ടാൽ നാട്ടുകാർ ഓടിഒളിക്കുമെന്നും എല്ലാം.

രണ്ടാമൻ : അതു ശരിയാണു, അങ്ങിനെ ചില തെററിദ്ധാരണകൾ എല്ലാം ഉണ്ടു്. എന്നാൽ നിങ്ങളുമായ് പരിചയപ്പെട്ടേടത്തോളം ആ തെററിധാരണ നീങ്ങിയിരിക്കുന്നു. കണ്ടാൽ പേടിച്ചു ഓടേണ്ട സന്ദർഭമെല്ലാം മാറിയിരിക്കുന്നു.

കവി : കണ്ടാൽ പേടിച്ചു ഓടേണ്ട ചില പട്ടാളക്കാരുണ്ടു്, അതു സഖ്യസേനയിലെ ആൾക്കാരല്ല, ജാപ്പാൻകാരാണ് അങ്ങിനെയുള്ളവർ. അവരെ കണ്ടാൽ ഭയപ്പെടണം. അവർ മുഖം കൊണ്ടു് ചിരിക്കുമെങ്കിലും പല്ലു കൊണ്ടു് ഇറുമ്മുന്നവരാണ്.

ഒന്നാമൻ : ശരിയാണ്, അവർ ചുമലിൽ ഇരുന്നു ചെവി തിന്നുന്നവരാണ്. ഭംഗി വാക്കു പറഞ്ഞു അടുക്കും; അടുത്താൽ പച്ചയോടെ തിന്നുന്നവരാണെന്ന് അവരുടെ മുഖഭാവം വിളിച്ചു പറയുന്നുണ്ടു്.

രണ്ടാമൻ : അതെ, അടുത്തു പെരുമാറാൻ കൊള്ളില്ല. പിന്നിൽ ഇരുന്നുകൊണ്ടു കുഴികുഴിക്കുന്നവരാണ് അവർ.

ഒന്നാമൻ : ആട്ടെ, താങ്കൾ ഇവിടെ എന്തു ചെയ്യുകയായിരുന്നു ? കടലാസ്സിൽ എന്തൊ എഴുതി കൊണ്ടിരുന്നുവല്ലൊ !

കവി : ഓ, ശരി. ഞാൻ അതു നിങ്ങൾക്കു തരുവാൻ വിട്ടുപോയി—(കടലാസ്സു നീട്ടികൊണ്ടു്) നിങ്ങൾക്കു വായിക്കുവാൻ അറിയാമല്ലൊ ?

രണ്ടുപേരും : ഒരു വിധം. (ഞാൻ വായിക്കാം, ഞാൻ വായിക്കാം എന്ന് ഉൽകണ്ഠയോടെ കടലാസ്സ് വാങ്ങുവാൻ അടുക്കുന്നു.)

കവി : നിങ്ങൾ ലഹളക്കൂട്ടേണ്ട. ആരെങ്കിലും ഒരാൾ വായിക്കട്ടെ (എന്നു പറഞ്ഞു കടലാസ്സു ഒന്നാമൻെറ കയ്യിൽ കൊടുക്കുന്നു.)

ഒന്നാമൻ : (കുറച്ചു നേരം കടലാസ്സിൽ നോക്കികൊണ്ടു നില്ക്കുന്നു.)

രണ്ടാമൻ : (അക്ഷമയോടെ, എത്തിനോക്കികൊണ്ടു്) തനിക്കറിയില്ല. ഞാൻ വായിക്കാം—

ഒന്നാമൻ : (തുറിച്ചു നോക്കിക്കൊണ്ടു്) താൻ എന്നെ പഠിപ്പിക്കേണ്ട. കുറേശ്ശ വായിക്കാൻ എനിയ്ക്കും അറിയാം.

രണ്ടാമൻ : ന്നാൽ വായിയ്ക്കു.

ഒന്നാമൻ : മനസ്സില്ലെങ്കിലൊ ? താൻ കല്പിക്കാനാരാ ? (വായിക്കാൻ തുടങ്ങുന്നു.)

രണ്ടാമൻ : (ഇടയ്ക്കിടയ്ക്കു, ഹായ്, ബലേ ഭേഷ്, ഒന്നാന്തരം എന്നെല്ലാം പറയുന്നു.)

ഒന്നാമൻ : (വായന കഴിഞ്ഞു) ഇതു താങ്കൾ എഴുതിയതുതന്നേയൊ ?

കവി : (അതേ എന്നു തലയാട്ടുന്നു.)

രണ്ടാമൻ : വളരെ കേമമായിട്ടുണ്ടു്.

ഒന്നാമൻ : ഞാൻ ഇത്തരത്തിലുള്ള ഒരു പാട്ടു അടുത്തൊന്നും കേട്ടിട്ടില്ല.

രണ്ടാമൻ : കേൾക്കുമ്പോൾ രക്തം തിളക്കുന്നു. ആവേശമുണ്ടാകുന്നു.

ഒന്നാമൻ : ഓഹ് ! എന്തൊരു ശക്തി, ഏതൊ ഒരു മാന്ത്രികശക്തിയുടെ ഫലം

(കവി ഇവരുടെ പ്രശംസയിൽ ഏതോ ആത്മീയമായ ഒരാനന്ദം അനുഭവിക്കുന്നു.)

രണ്ടാമൻ : പിണങ്ങൾക്കൂടി പിടഞ്ഞെഴുനീല്ക്കുന്ന ഒരു പാട്ടു്. ശ്മശാനത്തിൽക്കൂടി ഭൂകമ്പം !

ഒന്നാമൻ : ശരിയാണ്. നിങ്ങളെപോലുള്ള കവികളാണ് പട്ടാളത്തിലേക്കു ആളുകളെ പ്രോത്സാഹിപ്പിക്കുന്നതു്.

(കവി, അപ്പോഴും നിശ്ശബ്ദനായ് നിന്നു ആനന്ദം അനുഭവിക്കുന്നു.]

രണ്ടാമൻ : (അടുത്തു ചെന്നു കവിയെ പിടിച്ചു കുലുക്കി) എന്താഹെ ! ഇപ്പോഴും സ്വപ്നലോകത്തിൽ തന്നെയാണോ ? ഞങ്ങൾ പോവുകയായി—ഇവിടെ നിന്നാൽ ഞങ്ങളുടെ വേല നടക്കുകയില്ല.

കവി : (സ്വപ്നത്തിൽനിന്ന് ഉണർന്നതുപോലെ) ഓഹ്. ശരി, ശരി ! ഞാൻ എന്തോ ഒരു ആലോചനയിൽപെട്ടുപോയി. സാരമില്ല. അപ്പോ, നിങ്ങൾ എന്തേ പറഞ്ഞതു് ?

രണ്ടുപേരും : (ചിരിച്ചുകൊണ്ടു) ഹേയ്, ഞങ്ങൾ ഒന്നും പറഞ്ഞില്ല, ഞങ്ങൾ പോവുകയായി എന്നു സാരം.

കവി : എവിടേയ്ക്കാ, ഇത്രെ തിടുക്കത്തിൽ, വില്ലും അമ്പുമായി പുറപ്പെട്ടിട്ടുണ്ടല്ലൊ ?

ഒന്നാമൻ : എന്താ ഇത്ര സംശയം ? നമ്മൾ എല്ലാവരും ഇപ്പോൾ യുദ്ധക്കളത്തിൽ ജീവിക്കുന്നവരല്ലെ ? ആത്മരക്ഷയ്ക്കുവേണ്ടി ഞങ്ങൾ ആയുധം ധരിച്ചിരിക്കുന്നു എന്നു മാത്രം.

മി. ഫ്രാൻക്ലിൻ റൂസ്‌വെൽട്ട്—നാലാമത്തെ പ്രാവശ്യവും, അമേരിക്കൻ പ്രസിഡണ്ട് സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു





ലാൻസ് നായക് കെ. വെങ്കടേശചരലു. ഇന്ത്യൻ സിഗ്നൽ കോറിലെ ഒരു ലൈൻമെൻ. ഇദ്ദേഹത്തിന്നു മിലിട്ടറി മെഡൽ സമ്മാനിയ്ക്കപ്പെട്ടിരിക്കുന്നു.

കവി: (ചിരിച്ചുകൊണ്ടു) ഈ വില്ലും അമ്പും കൊണ്ടോ നിങ്ങൾ ശത്രുക്കളോടു എതൃക്കാൻ പോകുന്നതു്? ജാപ്പാന്റെ തോക്കിന്റെ മുമ്പിൽ നിങ്ങളുടെ വില്ലും അമ്പുംകൊണ്ടു വല്ല പ്രയോജനവും ഉണ്ടോ.?

ഒന്നാമൻ: അത്ര നിസ്സാരമാക്കണ്ട. മറഞ്ഞിരുന്നു, ഒരസ്ത്രം തൊടുത്തു, വലിച്ചു നീട്ടി വിട്ടുകൊടുത്താൽ കുറിയ്ക്കുകൊള്ളും; പിന്നെ, ജാപ്പാനല്ല, ജർമ്മനായാലും ശരി, അവന്റെ മൂന്നു തലമുറ ഇതിന്റെ വേദന മറക്കുകയില്ല. (അഭിമാനത്തോടെ, ആവനാഴിയിൽനിന്നും അസ്ത്രം എടുത്തു എയ്യുവാൻ ഭാവിക്കുന്നു. കവി—അവന്റെ അഭിമാനവും പരാക്രമവും കണ്ടു സ്തംഭിച്ചു നില്ക്കുന്നു.)

രണ്ടാമൻ: നിങ്ങളുടെ കയ്യിൽ തോക്കുണ്ടെങ്കിൽ ഞങ്ങൾക്കു ഇതു ധാരാളമാണു്.

(അണിയറയിൽനിന്നു് ഭർ! ഭർ! എന്ന ശബ്ദം കേൾക്കുന്നു: എല്ലാവരും പരിഭ്രമിച്ചു അകത്തേക്കു നോക്കുന്നു. ഭർ! ഭർ! ഭർ! എന്ന ശബ്ദം വീണ്ടും അടുത്തടുത്തു കേൾക്കുന്നു.)

ഒന്നാമൻ: (ആകാശത്തു നോക്കി) ഇതാ, ഇവിടെ, ഇവിടെ.

രണ്ടാമൻ: അതാ, അതാ, വിമാനം! വിമാനം!

കവി: എവിടെ?

രണ്ടു പേരും: (ചൂണ്ടികാണിച്ചു.) അതാ, അതാ.

കവി: ശരി, ശരി, ശത്രുവിമാനം, ശത്രുവിമാനം! (എല്ലാവരും പരിഭ്രമിക്കുന്നു). തയാറാവിൻ, തയാറാവിൻ! കവി തോക്കെടുക്കുന്നു. കൃക്ഷിക്കാർ, വില്ലിൽ അസ്ത്രം തൊടുക്കുന്നു. (ഭർ! ഭർ! ശബ്ദം അടുത്തു കേൾക്കുന്നു. എല്ലാവരും വിമാനത്തെത്തന്നെ സൂക്ഷിച്ചു നോക്കുന്നു—പൊട്ടെ. കൃക്ഷിക്കാർ ഉച്ചം വിളിച്ചു പറയുന്നു. നോക്കൂ, എന്തോ ഇറങ്ങിവരുന്നു.)

കവി: പാരച്ചൂട്ട്! പാരച്ചൂട്ട്! വെടി വെക്കുക, വെടി വെക്കുക!

(ആകാശത്തു ലക്ഷ്യം വെച്ചു കവി വെടിവെക്കുന്നു, കൃക്ഷിക്കാർ അസ്ത്രം വിടുന്നു). അണിയറയിൽ നിന്നു ഒരു ശബ്ദവും, അയ്യോ എന്നു് നിലവിളയും.)

കവി: പാരച്ചൂട്ട് അവിടെ നിലം പതിച്ചു എന്നു തോന്നുന്നു.

കൃക്ഷിക്കാർ: ഞങ്ങളുടെ ലക്ഷ്യം പിഴക്കില്ലെന്നു പറഞ്ഞില്ലെ.

കവി: നമുക്കു് അങ്ങോട്ടു പോവുക.

(എല്ലാവരും പോകുന്നു.)

(കർട്ടൻ)

## രംഗം II

[സ്ഥലം: മുൻ രംഗത്തിലെ ഗ്രാമം. ഗ്രാമത്തിന്നു സമീപം വൻവൃക്ഷങ്ങളുടെ ഇടയിൽ ഒരു പെറിയ പുൽകുടിൽ. കുടിലിൽ രണ്ടു കട്ടിലിന്മേൽ സഖ്യസേനയിലെ മുറിയേററ രണ്ടു ഭടന്മാർ കിടക്കുന്നു. കട്ടിലിന്നു് അരികെ ഒരു ചെറിയ അലമാറയിൽ അത്യാവശ്യം മരുന്നുകൾ നിരത്തിവെച്ചിരിക്കുന്നു. രണ്ടു കട്ടിലിന്നും നടുക്കായ് ഒരു കസേല കാണികൾക്കു എതാണ്ടു് ഒരാസ്പത്രിയുടെ രൂപം ഉളവാക്കുന്നു. എന്നാൽ വാസ്തവത്തിൽ അതു ആസ്പത്രിയല്ല. കവി പ്രവേശിച്ചു രണ്ടു പേരേയും അഭിവാദ്യം ചെയ്യുന്നു.]

കവി: ഇന്നു് ഡാക്ടരദ്ദേഹം വന്നില്ലെ?

ഒന്നാമൻ: ഇല്ല. കാരണം എന്തൊ?

രണ്ടാമൻ: ഞങ്ങൾക്കു വലിയ ആശങ്കയായിരിക്കുന്നു. എന്തെല്ലാമാണു പുതിയ വർത്തമാനങ്ങൾ? നിങ്ങളോടു ചോദിച്ചാൽ അറിയാമല്ലൊ?

കവി: (ഒരു നിരാശാ ഭാവത്തിൽ) എന്തു വർത്തമാനം? (അസ്വസ്ഥത നടിക്കുന്നു.)

രണ്ടാമൻ: എന്താണിത്ര അസ്വസ്ഥത? സംഗതി എന്താണു് പറയൂ.

കവി: ഹേയ്, സാരമില്ല.

ഒന്നാമൻ: ഞങ്ങൾക്കു സഹായം ചെയ്യുന്നതിലും ഞങ്ങളോടു സംസാരിക്കുന്നതിലും താങ്കൾക്കു മടുപ്പുണ്ടോ?

കവി: അയ്യയ്യോ! എന്താ ഈ കേൾക്കുന്നതു്?

രണ്ടാമൻ: പിന്നെ എന്താണു്?

കവി: അതൊന്നുമല്ല. ഒരു സമയം, ഇന്നോ നാളേയോ എതൃപ്പുണ്ടാകുമെന്നു് പ്രതീക്ഷിക്കുന്നു. പാരച്ചൂട്ടുകളും സൈന്യങ്ങളും അവിടവിടെ ഇറങ്ങിട്ടുണ്ടെന്നാണു് വർത്തമാനം.

രണ്ടു പേരും: ഇതെപ്പോഴാണു് അറിഞ്ഞതു!

കവി: തലസ്ഥാനത്തുനിന്നു ഇന്നലെ രാത്രി റേഡിയൊ ഉണ്ടായിരുന്നു. എല്ലാവരും തയ്യാറായിരുന്നുകൊള്ളണമെന്നു്.

രണ്ടുപേരും: അപ്പോൾ നിങ്ങളുടെ അഭിപ്രായമെന്താണു്?

കവി: വിശേഷിച്ചൊന്നും ഇല്ല. ഇന്നാട്ടുകാർ നമുക്കു വളരെ അനുകൂലമാണു്. അവരെ എല്ലാം ഒന്നു കണ്ടു് ചില കാര്യങ്ങൾ ഉപദേശിക്കുവാനുണ്ടു്. ജാപ്പാൻകാർ വരുന്നപക്ഷം, അവരെ ഒരുപ്രകാരത്തിലും സഹായിച്ചുപോകരുതെന്നു് പറഞ്ഞു ധരിപ്പിക്കണം. പിന്നെ ഒരു നാട്ടുകാരനായി ഇവിടെ കൂടണം. നിങ്ങളെ ശുശ്രൂഷിക്കുവാനും ഒരാളു് അത്യാവശ്യമാണല്ലൊ.

രണ്ടുപേരും: ഞങ്ങളെപ്പററി നിങ്ങൾ ഒരുപ്രകാരത്തിലും വ്യാകുലപ്പെടേണ്ടതില്ല.

കവി: അവർ നിങ്ങളെ കണ്ടുപിടിച്ചാൽ നിങ്ങളിൽനിന്നു പലേ രഹസ്യങ്ങളും വെളിക്കു വരുത്തും.

രണ്ടുപേരും: ഛീ, കവിജി, നിങ്ങൾ തെററിദ്ധരിച്ചിരിക്കുന്നു. ഞങ്ങൾ അത്ര ഭീരുക്കളൊന്നും അല്ല. ഞങ്ങളിൽനിന്നു ഒരു രഹസ്യവും അവർക്കു ലഭിക്കുകയില്ല.

കവി: ഭീരുക്കളായിട്ടു് പറയുന്നതല്ല. ഒന്നാമതു് അവശസ്ഥിതിയിലായിരിക്കുക, പുറമെ മർദ്ദനവും ഏല്ക്കുക. അപ്പോൾ ഏതൊരുവനും ശത്രുവിന്റെ ഇംഗിതങ്ങൾക്കു വഴിപ്പെട്ടുപോകും അതുകൊണ്ടു പറയുന്നതാണു്. ജാപ്പാൻകാരാകട്ടെ, പുതിയ പുതിയ മർദ്ദനരീതികൾ കണ്ടുപിടിക്കുന്നതിൽ സമർത്ഥന്മാരുംകൂടിയാണു്.

ഒന്നാമൻ: ഞങ്ങൾ രോഗഗ്രസ്ഥരായ് അവശസ്ഥിതിയിൽ കിടക്കുകയാണെങ്കിലും, ഞങ്ങളുടെ പൌരുഷത്തിന്നും അഭിമാനത്തിന്നും ക്ഷതമോ അവശതയോ സംഭവിച്ചിട്ടില്ല. അതുകൊണ്ടു് താങ്കൾ ഞങ്ങളെപ്പററി ഒട്ടുംതന്നെ വ്യാകുലപ്പെടേണ്ടതില്ല.

രണ്ടാമൻ: താങ്കളുടെ ജീവിതം ഒരു പട്ടാളക്കാരന്റേതിനേക്കാൾ കൂടുതൽ ആവശ്യമാണു്. താങ്കൾ ഞങ്ങളുടെ ശുശ്രൂഷാർത്ഥം ഇവിടെ താമസിക്കുന്നുവെങ്കിൽ ശത്രുക്കൾ താങ്കളേയും പിടിച്ചു നശിപ്പിച്ചുകളയും. അതുകൊണ്ടു് താങ്കൾ എങ്ങിനെയെങ്കിലും രക്ഷപ്പെട്ടുകൊള്ളണം.

# മദ്രാസിനോട് അഡ്മിറൽ ഗോഡ്ഫ്രിയുടെ നന്ദി

**1944 ഒക്ടോബർ 28-ാം തിയ്യതി മദിരാശി ഗവർണ്ണർക്കു അയച്ച ഒരു കത്തിൽ വൈസ് അഡ്മിറൽ ജെ. എച്ച്. ഗോഡ്ഫ്രി എഴുതുന്നു:**

ഒക്ടോബർ 20-ാം തിയ്യതി ലേഡി ആംസ്ട്രോങ്ങ് എഴുതിയ കത്തും, അങ്ങയുടെ യുദ്ധനിധിയിൽനിന്ന് ഞങ്ങളുടെ സഹായനിധിയിലേക്ക് നൽകിയ മറെറാരു സംഭാവനയായ 50,000 ക. യുടെ ചെക്കും കിട്ടി. ഈ ഉദാരസഹായത്തിന്നു വളരെയധികം നന്ദിപറഞ്ഞുകൊള്ളുന്നു.

ഒന്നാമൻ: അതെ, ഞങ്ങൾ രാജ്യത്തിന്നുവേണ്ടി മരിക്കാൻ ഒരുങ്ങീട്ടുള്ള സാധാരണ പട്ടാളക്കാർ മാത്രമാണ്. താങ്കളുടെ സേവനം ഇതിൽ എത്രയോ ഉപരിയാണ്. അതുകൊണ്ട് താങ്കൾ രക്ഷപ്പെടുന്നതാണ് ഉചിതവും ആവശ്യവും.

കവി: എന്നാലും നിങ്ങളെ ഈ നിലയ്ക്കിട്ട് ഞാൻ രക്ഷപ്പെടണമെന്ന് ഉദ്ദേശിക്കുന്നില്ല. (കുറച്ചു ആലോചിക്കുന്നു.) എന്നാൽ അതിന്ന് ഒരു ഉപായം ഞാൻ കണ്ടിട്ടുണ്ട്. ഇവിടെ അടുത്ത് ഒരു കിഴവി താമസിക്കുന്നുണ്ട്. നിങ്ങളെ ശുശ്രൂഷിക്കുന്നതിന്നുള്ള ഭാരം ഞാൻ അവരെ ഏല്പിക്കാം—കിഴവിയാകുമ്പോൾ ശത്രുക്കൾ അറിഞ്ഞാൽതന്നെ സംശയിക്കുകയില്ല.

രണ്ടുപേരും: പ്രയാസപ്പെടണമെന്നില്ല. ഞങ്ങളെപ്പററി താങ്കൾ ഒട്ടും അസ്വസ്ഥപ്പെടേണ്ട. ഞങ്ങളിൽനിന്നു ഒററ രഹസ്യംപോലും അവർക്കു ലഭിക്കുകയില്ല. താങ്കൾ പോയി അടുത്ത അടിയന്തരമായ മററു കാര്യങ്ങൾ നിർവ്വഹിച്ചുകൊള്ളണം.

കവി: ഒന്നു തീർച്ചയാണ്, ഈ സ്ഥലംവിട്ട് ഓടിപ്പോകാൻ ഏതായാലും തീർച്ചയാക്കിയിട്ടില്ല. പരിതസ്ഥിതികൾ അനുസരിച്ച് കാര്യപരിപാടികൾ മാററിക്കൊണ്ടിരിക്കും. സഖ്യസേനകൾക്ക് നാട്ടുകാരുടെ സഹായം വളരെയുണ്ട്. ഏതായാലും, ആ കിഴവിയെ ഞാൻ ഇങ്ങോട്ട് അയക്കാം—(പോകുന്നു).

രണ്ടുപേരും: ശരി.

(കർട്ടൻ)

## രംഗം III

[അതേ ഗ്രാമം: തേവിയായുടെ കുടിൽ. സമയം രാവിലെ എട്ടു മണി. തേവിയ—60 വയസ്സ് പ്രായംചെന്ന കിഴവി—കുടിലിന്ന് മുററത്തിരുന്ന് വെയിൽ കൊള്ളുന്നു.]

കിഴവി: ആവൂ. എത്ര ദിവസമായി സൂര്യനെ ഒന്ന് കാണ്മാൻ കൊതിക്കുന്നു. ഇന്ന് നല്ല വെയിൽ. കുറച്ചുനേരം ഇവിടെയിരുന്നു വെയിൽകൊള്ളട്ടെ—(കാല് നീട്ടി ശരിയായിരിക്കുന്നു).

(അണിയറയിൽനിന്ന് ദാദീ, ദാദീ എന്ന് വിളിക്കുന്നു.)

കിഴവി: (ഇരുന്നേടത്തിരുന്നുകൊണ്ട്) "എന്താ" എന്നു വിളികേൾക്കുന്നു.

("ദാദീ, ഇങ്ങോട്ട് ഒന്ന് നോക്കു" എന്നു വീണ്ടും വിളിക്കുന്നു.)

കിഴവി: പറയ്യ, എന്താണ് കാര്യം.

(ദാദീ, ദാദീ എന്നു വിളിച്ചുകൊണ്ട് കവി പ്രവേശിക്കുന്നു. കിഴവി കവിയെ ഒരലക്ഷ്യഭാവത്തിൽ നോക്കുന്നു. കവി പ്രവേശിച്ച് കിഴവിയുടെ അരികെ ഇരിക്കുന്നു.)

കവി: ദാദീ, ദാദീ!

കിഴവി: എന്തുവേണം? പറയു കുഞ്ഞേ.

കവി: ജപ്പാൻകാർ വരുന്നു.

കിഴവി: വന്നുകൊള്ളട്ടെ. അതിന്നു ഞാൻ എന്തുവേണം? ചെറുപ്പക്കാരല്ലെ അതെപ്പററി ചിന്തിക്കേണ്ടത്. കുഴിയിലേക്കു കാല് നീട്ടുന്ന ഈ മുതുക്കി എന്തുവേണം?

കവി: നാട്ടുകാരിൽ പലരും ഇവിടെനിന്ന് നാടുവിട്ട് പോയിട്ടുണ്ട്.

കിഴവി: അതുകൊണ്ടു നിങ്ങൾക്കും വേണമെങ്കിൽ പോകാമല്ലൊ. ഞാൻ നിങ്ങളുടെകൂടെ വരുന്നില്ല.

കവി: (കിഴവിയുടെ നീരസമായ മറുപടി കേട്ട് അസ്വസ്ഥതയോടെ) ദാദീ, അതല്ല, ഞാൻ പറയുന്നത് കേൾക്കു.

കിഴവി: കേൾക്കുന്നുണ്ട്.

കവി: അതാ, ആ കുടിലിൽ സഖ്യസേനയിലെ രണ്ടു ഭടന്മാർ കിടക്കുന്നുണ്ട്.

കിഴവി: അതിന്ന് ഞാനെന്തുവേണം?

കവി: (തികഞ്ഞ പരവശതയോടെ) ദാദീ, നിങ്ങൾ ഞാൻ പറയുന്നത് കേൾക്കുന്നില്ലെന്ന് തോന്നുന്നു. ജപ്പാൻകാർ വന്നുകഴിഞ്ഞു. അവിടെ ആ കുടിലിൽ രണ്ടു ഭടന്മാർ രോഗഗ്രസ്ഥരായി കിടപ്പുണ്ട്.

കിഴവി: അതാരാ, നിങ്ങളുടെ സഹോദരന്മാരാ?

കവി: (കുറച്ചുനേരം നിശ്ശബ്ദനായിരിക്കുന്നു. പിന്നെ രണ്ടടികൂടി കിഴവിയുടെ അടുക്കലേക്കു നീങ്ങിയിരിക്കുന്നു. കിഴവിയുടെ രണ്ടു കൈപ്പടങ്ങളും കൂട്ടിപ്പിടിച്ച് ഏററവും അവശസ്വരത്തിൽ) ദാദീ, അവർക്കു നടക്കുവാൻ വയ്യാ; ഒരാൾ രോഗിയും മറേറവൻ മുറിയേററവനുമാണ്, മനസ്സിലായോ.

കിഴവി: ഉവ്വ്, മനസ്സിലായി. അപ്പോൾ ശത്രുക്കൾ വന്നുകഴിഞ്ഞുവോ?

കവി: ദാദീ, അവരെ ശുശ്രൂഷിക്കുവാൻ തല്ക്കാലം ആളില്ല. ശത്രുക്കൾ വന്ന് എത്തുകയും ചെയ്തു. നിങ്ങൾ അവരെ ശുശ്രൂഷിക്കണം മനസ്സിലായോ?

കിഴവി: ഉവ്വ്—(കുറച്ചുനേരം ആലോചിച്ചിരിക്കുന്നു. കവി കിഴവിയുടെ മുഖത്തുതന്നെ നോക്കിയിരിക്കുന്നു—കുറച്ചുകഴിഞ്ഞ്) ശരി. അതിനെന്താ, എൻെറ കഴിവനുസരിച്ച് ഞാൻ ശുശ്രൂഷിച്ചുകൊള്ളാം.

കവി: (ഒരു ദീർഘശ്വാസത്തോടെ കിഴവിയുടെ കൈവിട്ടു) പക്ഷെ, ദാദീ, ഒരു കാര്യം ഓർമ്മവെക്കണം. നിങ്ങളെ എങ്ങാനും അവർ കണ്ടുപിടിച്ചാൽ—

കിഴവി: കണ്ടുപിടിച്ചാലെന്താ? പിന്നെ ആരാ ഒരു കിഴവിയെപ്പററി അത്ര ശ്രദ്ധിക്കുന്നത്?

കവി: എന്നാലും മറന്നുപോകരുതെ.....

കിഴവി: എന്ത് മറക്കുവാനാ? സഖ്യസേനയിലെ രണ്ടു ഭടന്മാർ, അവശസ്ഥിതിയിൽ കിടക്കുന്നു, അവരെ ശുശ്രൂഷിക്കണം, അല്ലേ?

കവി: അതെ.

കിഴവി: ശരി, അവർക്കു ഭക്ഷണവും വെള്ളവും കൊടുക്കണം, സമയത്ത് ചെന്ന് മരുന്നുകൊടുക്കണം, പിന്നെ എന്താ?

കവി: ശരി, അത്ര മതി. എന്നാൽ ഇപ്പോൾ നിങ്ങൾ എവിടെ പോകുന്നു?

കിഴവി: ഇനി ആ കാര്യത്തെപ്പററി നിങ്ങൾ ഒന്നും ആലോചിക്കേണ്ടതില്ല. ഞാൻ ഏററു കഴിഞ്ഞു.

കവി: ദാദീ—നാലും—

കിഴവി: (ദേഷ്യപ്പെട്ട്) ഇനി ഒന്നും മിണ്ടിപ്പോകരുത്. നാഗസ്ത്രീകൾ ഒരിക്കൽ ഒന്ന് പറഞ്ഞാൽ അതു പറഞ്ഞതാണ്. ഒന്ന് ഏററുകഴിഞ്ഞാൽ അവർ അത് നിർവ്വഹിച്ചേ ഇരിക്കൂ. നിങ്ങൾ വിചാരിക്കുന്നുണ്ടാവും ഇവൾ ഒരു കിഴവിയാണ്, എന്തു ചെയ്യുവാൻ കഴിയും? എന്ന് (എഴുനീല്ക്കുന്നു) എന്നാൽ നാഗവധുക്കളെപ്പററി നിങ്ങൾ കേട്ടിട്ടില്ല.

കവി: (സന്തോഷത്തോടെ കിഴവിയുടെ കൈപടങ്ങളെ ചുംബിക്കുന്നു) ദാദീ, എന്നാൽ നമസ്കാരം. എനിക്കു വിശ്വാസമുണ്ട് കുറച്ചു ദിവസത്തിന്നുള്ളിൽ നമുക്കു—സഖ്യസേനകൾക്ക്—ശത്രുക്കളെ ഇവിടെനിന്നു തുരത്തിക്കളയുവാൻ സാധിക്കുമെന്ന്. അതുകൊണ്ട് കുറച്ചു ദിവസം കഴിഞ്ഞ് നമുക്കു വീണ്ടും കാണാം.

കിഴവി: കവികളുടെ വിശ്വാസം അസ്ഥാനത്തിലാവുകയില്ല. (അനുഗ്രഹിക്കുന്നു.)

കവി: വൃദ്ധകളുടെ ആശീർവ്വാദം ഈശ്വരൻ നേരിട്ടു കേൾക്കുന്നു. (കവി പോകുന്നു.)

കിഴവി: എന്തൊരു കൊച്ചുമിടുക്കൻ—എത്ര നല്ല സ്വഭാവം? ഞാൻ പട്ടാളക്കാരെപ്പററി ധരിച്ചിരുന്നത് നേരെ മറിച്ചാണ്. ഈ കൊച്ചനോട് പെരുമാറിനോക്കുമ്പോഴല്ലെ ഹൃദയത്തിൻെറ വിശാലത അറിയുന്നുള്ളു. ഇങ്ങിനെതന്നെ ഹൃദയശുദ്ധിയുള്ളവരായിരിക്കും നമ്മുടെ എല്ലാ പട്ടാളക്കാരും.

(കർട്ടൻ)

(തുടരും)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLIHSED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.